27.07.2024

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/07/2024

1. കേരള കാർഷിക സർവകലാശാല വാഴ ഗവേഷണ കേന്ദ്രം കണ്ണാറയിൽ നെടുനേന്ദ്രൻ, മഞ്ചേരി നേന്ത്രൻ, പൂവൻ, ഗ്രാൻഡ് നെയിൻ വാഴ തൈകൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ  ബന്ധപ്പെടേണ്ട നമ്പർ:7306708234

2. പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള  പടന്നക്കാട്, നീലേശ്വരം (കരുവാച്ചേരി) ഫാമുകളിൽ അത്യൽപാദനശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകളായ കേരസങ്കര, കേരഗംഗ, കേരശ്രീ എന്നിവയും നാടൻ തെങ്ങിൻതൈകളും, മോഹിത്നഗർ, മംഗള, സുമംഗള എന്നീ കവുങ്ങിൻതൈകളും ലഭ്യമാണ്. വില  തെങ്ങ് നാടൻ 120/, സങ്കരയിനം 325/, കവുങ്ങ് 35/. എല്ലാ പ്രവൃത്തിദിവസങ്ങളിലും 10 മുതൽ 4 വരെ തൈകൾ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0467 2280358 (കരുവാച്ചേരി), 0467 2281966 (പടന്നക്കാട്) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ/കേന്ദ്രങ്ങളിൽ 2024 -25 അധ്യയന  വർഷം ഒരുവർഷം ദൈർഘ്യമുള്ള ഡിപ്ലോമ കോഴ്സുകളിലേക്ക് സർക്കാർ, വ്യവസായം, പൊതുമേഖല, സർവകലാശാല, മറ്റു സർക്കാർ സഹായം ലഭ്യമായ സ്ഥാപനങ്ങൾ എന്നിവയിൽ ഉദ്യോഗത്തിൽ ഇരിക്കുന്നവരിൽ നിന്നും നിരാക്ഷേപത്രം/ സ്പോൺസർഷിപ്പ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷകൾ ക്ഷണിക്കുന്നു.പിജി ഡിപ്ലോമ കോഴ്സുകൾ- ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് കാർഷിക കോളേജ് വെള്ളാനിക്കര, ഫുഡ് ഇൻഡസ്ട്രി മാനേജ്മെൻറ് ആൻഡ് ക്വാളിറ്റി കൺട്രോൾ കാർഷിക കോളേജ് വെള്ളാനിക്കര,  ഹൈടെക് ഹോർട്ടികൾച്ചർ കാർഷിക കോളേജ്& ആർ.എ.ആർ.എസ് അമ്പലവയൽ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെൻറ് കാർഷിക കോളേജ് വെള്ളായണി, ഇന്റഗ്രേറ്റഡ് ഫാം

മാനേജ്മെൻറ് കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തി. വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബസൈറ്റ് സന്ദർശിക്കുക. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 04.08.2024. കൂടുതൽ അന്വേഷണങ്ങൾക്ക് 0487 2438139 എന്ന നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കരയിലെ കൊക്കോ ഗവേഷണ കേന്ദ്രത്തിൽ അസിസ്റ്റൻറ് പ്രൊഫസർ (കോൺട്രാക്ട്) തസ്തികയിലെ ഒഴിവിലേക്കായി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. അഗ്രോണമിയിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. സർട്ടിഫിക്കറ്റ് അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജൂലൈ 29ന് രാവിലെ 9.30ന് കൊക്കോ ഗവേഷണ കേന്ദ്രം വെള്ളാനിക്കരയിൽ അഭിമുഖത്തിന് എത്തിച്ചേരേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.kau.in സന്ദർശിക്കുക. ബന്ധപ്പെടേണ്ട ഫോൺ നമ്പർ:0487 2438451.

5. ആലപ്പുഴ ജില്ലയിലെ ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അനുകരണീയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വനംവന്യജീവി വകുപ്പ് നൽകുന്ന വനമിത്ര അവാർഡിന് അപേക്ഷ ക്ഷണിച്ചു. 25000 രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്. പരിസ്ഥിതിയും ജൈവ വൈവിധ്യവും പരിരക്ഷിക്കുന്നതും വർദ്ധിപ്പിക്കുന്നതുമായ പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയിൽ നിന്നും ഒരു അവാർഡ് വീതം നൽകും. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ജില്ലയിലെ വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ നിന്ന് ലഭിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷയും പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടും സഹിതം ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡിവിഷൻ ഓഫീസിൽ നൽകണം. മുൻവർഷങ്ങളിൽ അവാർഡ് ലഭിച്ചവർ അർഹരല്ല. അവസാന തീയതി ഓഗസ്റ്റ് 16. കൂടുതൽ വിവരങ്ങൾക്ക് 0477 2246034 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലായി നിൽക്കുന്ന മരങ്ങൾ കോതുന്നതിന Wood cutter Machine ഫാമിൽ എത്തിച്ചു നൽകുന്നതിന് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട്, ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം., എന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതും, ക്വട്ടേഷൻ കവറിനു പുറത്ത് Wood cutter Machine സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന രേഖപ്പെടുത്തിയിരിയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 02/08/2024 തിയതി രാവിലെ 11 മണിവരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി :

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2024 ഓഗസ്റ്റ് 6. കോഴ്സ് ആരംഭിക്കുന്ന തീയതി 2024 ഓഗസ്റ്റ് 7. കൂടുതൽ വിവരങ്ങൾ് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം